എയർപോർട്ട് വികസനത്തിനായി സ്വീകരിച്ച നടപടികൾ

16. [*16] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിനു ശേഷം തിരുവനന്തപുരം എയർപോർട്ടിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായെന്ന് അറിയിക്കാമോ;

(ബി) ഈ കാലയളവിൽ വിമാനത്താവള വികസനത്തിനായി എത്ര വസ്തു ഉടമകളിൽ നിന്ന് ഭൂമി ഏറ്റെടുത്തിട്ടുണ്ട്;

(സി) ഈ ഭൂമി കൈമാറിയതെന്നാണെന്ന് വിശദമാക്കുമോ;

(ഡി) ഈ ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ;

(ഇ) രണ്ടാം ഘട്ട വികസനത്തിനായി എത്ര ഹെക്ടർ ഭൂമി നോട്ടിഫൈ ചെയ്തുവെന്ന് അറിയിക്കാമോ;

(എഫ്) ഈ ഭൂമി എന്നത്തേക്ക് ഏറ്റെടുക്കുമെന്ന് അറിയിക്കാമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമനിക് പ്രസന്റേഷൻ):

(എ) 2001 മേയ് മാസത്തിനുശേഷം തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഒന്നാം ഘട്ട വികസനത്തിനായി 27.56 ഏക്കർ ഭൂമി ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറുകയുണ്ടായി. ഇതിനു പുറമെ 15 ഏക്കർ ഭൂമി ബോയിംഗ് വിമാനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സെന്റർ സ്ഥാപിക്കുന്നതിനായി 27-11-2005-ൽ എയർ ഇന്ത്യക്ക് നൽകുകയുണ്ടായി. രണ്ടാംഘട്ട വികസനത്തിനായി 61.8242 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുണ്ട്.

(ബി) 262 വസ്തു ഉടമകളിൽ നിന്നും ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(സി) 29-3-2005-ൽ 27.56 ഏക്കർ ഭൂമി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയിട്ടുണ്ട്.

(ഡി) ആരംഭിച്ചിട്ടില്ല.

(ഇ) 61.8242 ഹെക്ടർ ഭൂമി.

(എഫ്) വിമാനത്താവള വികസന പദ്ധതികളുടെ അന്തിമ രൂപരേഖ തയ്യാറാക്കുന്നത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ദീർഘകാല വികസന പദ്ധതികളുടെ അന്തിമരൂപരേഖ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly